ഉത്തരം

(എ) ഈ പാലത്തിന്റെ അബട്ട്മെന്റിന്റെ 8 ബോർഡ് പൈൽസിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്.

(ബി) കരാറനുസരിച്ച് ഈ പണി 25-2-2003-ൽ പൂർത്തിയാക്കേണ്ടതായിരുന്നു.

(സി) കരാറുകാരന്റെ കാര്യക്ഷമത കുറവും ഫണ്ടിന്റെ അപര്യാപ്തതയും ഈ പണികളുടെ പുരോഗതിയെ തടസ്സപ്പെടുത്തിയിരുന്നു. പാലം പണി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാവിൻമുമ്പിൽ കടവ് പാലത്തിന്റെ നിർമ്മാണം

147 [1380] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാവിൻമുമ്പിൽ കടവ് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നബാർഡ് സഹായത്തോടെ ഈ പാലം പണി നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. നബാർഡിന്റെ അംഗീകാരം ലഭിച്ചാലുടൻ പാലത്തിന്റെ പണി തുടങ്ങാൻ കഴിയും.

മഞ്ചേരി മണ്ഡലത്തിലെ എടശ്ശേരിക്കടവ്, കടങ്ങല്ലൂർ, മൈത്ര തുടങ്ങിയ പാലങ്ങളുടെ പണി

148 [1381] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ പുതുക്കി പണിതുകൊണ്ടിരിക്കുന്ന എടശ്ശേരിക്കടവ്, കടങ്ങല്ലൂർ, മൈത്ര തുടങ്ങിയ പാലങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ എന്നത്തേക്ക് ഗതാഗതത്തിന് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ പാലങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. ഇവ പൂർത്തിയാക്കി എത്രയും വേഗം ടി പാലങ്ങൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly